**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1739** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>വനിത-ശിശു വികസന വകുപ്പിലെ സ്പെഷ്യൽ റൂൾസ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വർഗീസ് മാമ്മൻ

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** വനിത-ശിശു വികസന വകുപ്പിലെ സ്പെഷ്യൽ റൂൾസ് രൂപീകൃതമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** വനിതാ-ശിശുവികസന വകുപ്പിലെ സ്പെഷ്യൽ റൂൾസ് രൂപീകൃതമായിട്ടില്ല. നിലവിൽ തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂളിൽ ചർച്ചകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നത് സംബന്ധിച്ച് സർവീസ് സംഘടനകളുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ; സർവീസ് സംഘടനകളുമായി ചർച്ച നടത്തി തീരുമാനം ആയിട്ടുള്ള സ്പെഷ്യൽ റൂൾസിന്റെ കരട് പകർപ്പ് ലഭ്യമാക്കുമോ;

**<u>മറുപടി:</u>** സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നത് സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി 26.07.2023 ന സർക്കാർതലത്തിൽ ചർച്ച നടന്നിട്ടുള്ളതാണ്. നിരവധി ചർച്ചകളുടേയും മീറ്റിങ്ങുകളുടേയും ഉദ്യോഗസ്ഥ ഭരണപരിഷ്കാരം, നിയമ വകുപ്പുകളുടെ അഭിപ്രായങ്ങളുടേയും അടിസ്ഥാനത്തിൽ നിരവധി തിരുത്തലുകളും കൂട്ടി ചേർക്കലും വരുത്തി തയ്യാറാക്കിക്കൊണ്ടിരിക്കുന്ന സ്പെഷ്യൽ റൂളിന്റെ കരട് അന്തിമ രൂപത്തിലായിട്ടില്ല. സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ദ്രുതഗതിയിൽ സ്വീകരിച്ചു വരുന്നു.

**(സി)** സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടായത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുടങ്ങിക്കിടന്ന നടപടികൾ പുനരുജ്ജീവിപ്പിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**